ക്കനുസരിച്ച് ദിനപ്പടിക്കുമാത്രം അദ്ദേഹത്തിന് അർഹതയുണ്ടായിരിക്കുന്നതും സംസ്ഥാനത്തിനു വെളിയിലുള്ള യാത്രക്ക് ദിനപ്പടിക്കു പകരം യഥാർത്ഥത്തിൽ അദ്ദേഹത്തിനു ചെലവായ തുക നൽകേണ്ടതും ആണ്. മി. ഏ. നേശമണിയുടെ അമൻറുമെൻറ് ശമ്പളം ൬൫൦ രൂപായ്ക്കു പകരം ൪൦൦ രൂപായാക്കണമെന്നാണ്.

അമൻറ്മെൻറിനേ അനുകൂലിക്കുന്നവർ കൈ പൊക്കണം.

ന്യൂനപക്ഷത്തോടുകൂടി അമൻറുമെൻറു തള്ളി.

MR. PRESIDENT: മി: പട്ടം താണുപിള്ളയുടെ ഉപക്ഷേപത്തെ അനുകൂലിക്കുന്നവർ കൈപൊക്കണം (ന്യൂനപക്ഷം പേർ കൈപൊക്കി) അതിനെ എതിർക്കുന്നവർ കൈപൊക്കണം (കൂടുതൽപേർ കൈപൊക്കി) ഉപക്ഷേപം പാസ്സായിരിക്കുന്നു.

PAY AND ALLOWANCE TO THE PRESIDENT AND DEPUTY PEESIDENT

HON'BLE MR. A. THANU PILLAI: അടുത്ത ഉപക്ഷേപം നിയമസഭയുടെ പ്രസിഡൻറിനും ഡെപ്യൂട്ടി പ്രസിഡൻറിനും പ്രതിമാസം ൬൫൦ രൂപയും ൫൫൦ രൂപയും യഥാക്രമം ശമ്പളം നൽകേണ്ടതാണ്. നിയമസഭാ പ്രസിഡൻറിന് വാടക കൂടാതെ ഗൃഹോപകരണങ്ങളോടുകൂടിയ സ്ഥലവും അല്ലെങ്കിൽ അതിനുപകരം ൧൫൦ രൂപാ വീട്ടുവാടക അലവൻസും ഗവണ്മെൻറു വിലവിൽ ഒരു മോട്ടാർ കാറും നൽകേണ്ടതാണ്. നിയമസഭാപ്രസിഡൻറിന് തൻെറ ജോലികൾ നിർവ്വഹിക്കുന്നതിനായിട്ടുള്ള യാത്രകൾക്ക് മന്ത്രിമാർക്കു നൽകുന്ന നിരക്കനുസരിച്ചുള്ള സഞ്ചാരപ്പടി നൽകേണ്ടതും ഡെപ്യൂട്ടിപ്രസിഡൻറിന് മന്നാംക്ലാസ്സ് ഗവണ്മെൻറുദ്യോഗസ്ഥന്മാർക്കു നൽകുന്ന നിരക്കനുസരിച്ചുള്ള സഞ്ചാരപ്പടിയും ൧൫ രൂപാ ദിനപ്പടിയും നൽകേണ്ടതുമാണ്.

ഈ ഉപക്ഷേപത്തിൻെറ ഉദ്ദേശം വ്യക്തമാണ്. പ്രസിഡൻറിനും ഡെപ്യൂട്ടി പ്രസിഡൻറിനും സഞ്ചാരപ്പടി നിശ്ചയിച്ചിരിക്കുന്നതിൻെറ ഉദ്ദേശം അവർക്കു വളരെ സഞ്ചരിക്കേണ്ടിവരുമെന്നുള്ളതുകൊണ്ടല്ല. വേണ്ടിവന്നാൽ അതിനു വ്യവസ്ഥ ഇരിക്കട്ടെ എന്നു കരുതിമാത്രമാണ്. ഞാൻ ആദ്യം മന്ത്രിമാരെക്കുറിച്ചു പറഞ്ഞതുതന്നെ പ്രസിഡൻറിനെയും ബാധിക്കുന്നതാണ്. ഡെപ്യൂട്ടിപ്രസിഡൻറിന് ൫൫൦ രൂപാ ശമ്പളവും ഒന്നാംക്ലാസ്സ് ഗവണ്മെൻറുദ്യോഗസ്ഥന്മാർക്കു

LIBRARY ARCHIVES Kerala Legislative Assembly

[Hon'ble Mr- A. Thanu pillai]

നൽകുന്ന നിരക്കനുസരിച്ചുള്ള മാസപ്പടിയും മാത്രമേ ഇതിൽ ഉദ്ദേശിച്ചിട്ടുള്ളൂ. ഇതു സഭ സ്വീകരിക്കണമെന്ന് ഞാൻ അപേക്ഷിക്കുന്നു.

MR. A. ATCHUTHAN (*Karthigappally II—General*): ഞാൻ അതിനെ പിൻതാങ്ങുന്നു.

MR. A. NESAMONY: In view of the voting of the previous amendment I do not press this amendment,

MR. PRESIDENT: ഈ ഉപക്ഷേപത്തെക്കുറിച്ച് ആർക്കെങ്കിലും സംസാരിക്കാനുണ്ടെങ്കിൽ സംസാരിക്കാം. ഇല്ലെന്നു ഞാൻ വിശ്വസിക്കുന്നു.

അതായത്:

നിയമസഭയുടെ പ്രസിഡൻറിനും ഡെപ്യൂട്ടി പ്രസിഡൻറിനും പ്രതിമാസം ൬൦൦ രൂപായും ൩൦൦ രൂപായും യഥാക്രമം ശമ്പളം നൽകേണ്ടതാണ്.

നിയമസഭാപ്രസിഡൻറിന് വാടക ക്രൂടാതെ ഗൃഹോപകരണങ്ങളോടുകൂടിയ വാസസ്ഥലവും അല്ലെങ്കിൽ അതിനുപകരമായി പ്രതിമാസം ൨൫൦ രൂപാ വീട്ടുവാടകഅലവൻസും ഗവണ്മെൻറ് ചിലവിൽ ഒരു മോട്ടോർകാറും നൽകേണ്ടതുണ്ട്.

നിയമസഭാ പ്രസിഡൻറിന് തൻറെ ജോലികൾ നിർവ്വഹിക്കുന്നതിനായിട്ടുള്ള യാത്രകൾക്ക് മന്ത്രിമാർക്കു നൽകുന്ന നിരക്കനുസരിച്ചുള്ള സഞ്ചാരപ്പടി നൽകേണ്ടതും ഡെപ്യൂട്ടി പ്രസിഡൻറിന് ഒന്നാംക്ലാസ്സ് ഗവണ്മെൻറുദ്യോഗസ്ഥന്മാർക്കു നൽകുന്ന നിരക്കനുസരിച്ചുള്ള സഞ്ചാരപ്പടിയും ൧൫ രൂപാ ദിനപ്പടിയും നൽകേണ്ടതുമാണ്.

ഈ ഉപക്ഷേപത്തെ അനുകൂലിക്കുന്നവർ കൈപൊക്കണം.

ഭൂരിപക്ഷം വോട്ടുചെയ്തു.

ഉപക്ഷേപം പാസായിരിക്കുന്നു.

ALLOWANCE TO MEMBERS

HON'BLE MR. A. THANU PILLAI: ഞാൻ ഈ സഭയുടെ അംഗീകാരത്തിനായി താഴെപറയുന്ന ഉപക്ഷേപം അവതരിപ്പിക്കുന്നു.

"നിയമസഭാംഗങ്ങൾക്ക് താഴെപ്പറയുന്ന നിരക്കനുസരിച്ച് അലവൻസു നൽകേണ്ടതാണ്." "

LIBRARY ARCHIVES Kerala Legislative Assembly